# മകൾ

■ കെ.എ. ബീന

തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ മെനഞ്ഞും സീറ്റ് വിഭജന ചർച്ചകൾ നടത്തിയും ചാനലുകളിലെ ലൈവ് ചർച്ചകളിൽ കത്തിക്കയറിയും തളർന്ന് വീട്ടിലെത്തിയ കുര്യൻ ഫെർണാണ്ടസിനോട് ഉദ്വേഗത്തോടെയാണ് ഭാര്യ തിരക്കിയത്.

“രാഖി മോളെന്തിനാ നാളെ വരുന്നത്?”

ഞെട്ടിയ കുര്യൻ ഫെർണാണ്ടസ് പതിവ് പോലെ ഭാര്യയോട് അലറി.

“മോള് വരുന്നെന്നോ. ആരു പറഞ്ഞു. എന്തിന് വരുന്നു?”

“ആ, അതെനിക്കെങ്ങനെ അറിയാം. അവള് വൈകിട്ട് വിളിച്ചിരുന്നു. അച്ഛനെ വിളിച്ചിട്ട് കിട്ടുന്നില്ല എന്നു പറഞ്ഞു. നാളെ പുലർച്ചയ്ക്കുള്ള ഫ്ളൈറ്റിൽ ഇങ്ങെത്തുമെന്ന്. എയർപോർട്ടിൽ വണ്ടി വിടാൻ പറഞ്ഞു.”

“അവളെപ്പോഴാ എന്നെ വിളിച്ചത്? ചാനലിൽ ചർച്ചയ്ക്ക് കയറിയപ്പോൾ സ്വിച്ചോഫ് ചെയ്തിരുന്നു. അപ്പോഴായിരിക്കും.”

“ആ, എനിക്കറിയത്തില്ല, അവളെപ്പോഴും നിങ്ങളെയല്ലേ വിളിക്കാറ്. ഒന്ന് വിളിച്ച് നോക്ക്, കാര്യമറിയാമല്ലോ.”

കുര്യൻ ഫെർണാണ്ടസ് അസ്വസ്ഥനായി മൊബൈലെടുത്ത് ഡയൽ ചെയ്തു. “ഔട്ട് ഓഫ് കവറേജ് ഏരിയ”യിലെന്ന് മറുപടി. നാലഞ്ച് പ്രാവശ്യം വിളിച്ചുനോക്കി, മറുപടിക്ക് മാറ്റമില്ല. മനസ്സമാധാനം നഷ്ടപ്പെട്ട് കുര്യൻ ഫെർണാണ്ടസ് ടി.വി. ഓൺ ചെയ്തു. അവിടെ തന്റെ മുഖം തന്നെ തെളിയുന്നത് കണ്ട് സോഫയിലിരുന്നു. സ്ഥാനാർത്ഥി നിർണ്ണയത്തെക്കുറിച്ച് അല്പം മുൻപ് ലൈവ് ചർച്ചയിൽ പറഞ്ഞത് ചാനലുകാർ വാർത്തയിൽ ഉൾപ്പെടുത്തി കാണിക്കുകയാണ്. ഉള്ളിലെ കടുത്ത ഉഷ്ണത്തിനിടയിലും ഒരു തണുപ്പ് വന്നു മൂടി. റിമോട്ട് മറ്റു ചാനലുകളെ തിരഞ്ഞു. മറ്റാരും വാർത്തയിൽ കുര്യൻ ഫെർണാണ്ടസിന്റെ മുഖം കാണിക്കുന്നില്ല. പെട്ടെന്ന് തിരിച്ചുവന്ന് തന്നെ കാണിച്ചു കൊണ്ടിരുന്ന ചാനലിൽ മനസ്സ് നട്ടു.

പാർട്ടിയുടെ സ്ഥാനാർത്ഥി പട്ടിക രണ്ടു ദിവസത്തിനകം പുറത്തിറക്കുമെന്ന് പറഞ്ഞതു വരെയുള്ള ഭാഗങ്ങൾ ചാനൽ കാണിച്ചതു കണ്ട് കുര്യൻ ഫെർണാണ്ടസിന് തൃപ്തിയായി. ചെറിയ പാർട്ടിയുടെ സംസ്ഥാന നേതാവാകുന്നതിന്റെ ഗുണങ്ങളാണിത്. പബ്ലിസിറ്റി മൊത്തമായി ഇങ്ങ് പോരും. മന്ത്രിസ്ഥാനവും, കോർപ്പറേഷൻ, ബോർഡ് ചെയർമാൻ സ്ഥാനങ്ങളും ഒക്കെ അങ്ങനെ തന്നെ. ചെറിയ പാർട്ടിയാണ്, ഒന്നോ രണ്ടോ ജില്ലകളിൽ ഒതുങ്ങുന്നു എന്നു പറഞ്ഞാലെന്താ, അഞ്ച് എം.എൽ.എ. സീറ്റുകളുണ്ട്. മുന്നണി രാഷ്ട്രീയത്തിൽ അത് വലിയ കാര്യം തന്നെയാണ്.

പെട്ടെന്ന് രാഖി മോളെക്കുറിച്ചുള്ള ചിന്തകളിലേക്ക് മടങ്ങിയെത്തിയ കുര്യൻ ഫെർണാണ്ടസ് വീണ്ടും ഡയൽ ചെയ്തു. പഴയ റെക്കോർഡഡ് ശബ്ദം തന്നെ. കുളിമുറിയിൽ ഷവറിന് ചോട്ടിൽനിന്ന് സ്വയം തണുപ്പിക്കാൻ ശ്രമിച്ചു. ചിന്തകൾ തീപിടിക്കുമ്പോൾ ശാന്തനാകാൻ പണ്ടേ കണ്ടുപിടിച്ചൊരു വഴിയാണിത്. ചാനലിലെ ആങ്കർ പെൺകുട്ടിയെ ഓർമ്മയിൽ കൊണ്ടുവന്നു. രാഖിമോളെക്കാൾ മൂന്നോ നാലോ വയസ്സ് മൂപ്പ് കാണും. സോപ്പ് പത





പ്പിച്ച് തേച്ച് കുര്യൻ ഫെർണാണ്ടസ് നന്നായി കുളിച്ചു.

ആണുങ്ങൾക്ക് നിയന്ത്രണം നഷ്ടമാകുന്ന വിധത്തിൽ പെണ്ണുങ്ങളെ സൃഷ്ടിച്ചിട്ട് ദൈവം എന്താണ് നേടിയതെന്ന സ്ഥിരം സംശയം ഉയർന്നു വന്നു. എന്തൊരു കുഴപ്പം പിടിച്ചൊരു ജീവിതമാണ്. രാഷ്ട്രീയക്കാരനും കൂടി ആയാൽ പറയണ്ട, സൂക്ഷിച്ചും കണ്ടും കേട്ടും നിന്നില്ലെങ്കിൽ കാര്യം കുഴപ്പത്തിലാവും. മറ്റേത് ഫീൽഡിലായാലും അല്പസ്വല്പം അഡ്ജസ്റ്റുമെന്റുകൾ നടന്നുപോവും. സദാചാരം കണ്ടുപിടിച്ചത് രാഷ്ട്രീയക്കാർക്ക് വേണ്ടിയാണെന്ന് തോന്നും, കാര്യമൊന്നുമില്ലെങ്കിലും ചാനലുകാരും, പത്രക്കാരും കൂടി നാറ്റിച്ചുകളയും. അഴിമതിയും, വെട്ടിപ്പും തട്ടിപ്പും എന്നല്ല കൊലപാതകം കൂടി പറഞ്ഞു നിൽക്കാവുന്ന വിഷയങ്ങളാണ്. പെൺവിഷയം അങ്ങനല്ല, വീഴ്ത്തിക്കളയും. പിന്നെ എണീറ്റ് നിൽക്കാൻ ചില്ലറ പാടല്ല. പണ്ട് ഒരു മന്ത്രി ഒരു സ്ത്രീയെ കാറിൽ കയറ്റിക്കൊണ്ടുപോയതുകൊണ്ട് മന്ത്രിസ്ഥാനം പോയി. സഹിച്ച അപമാനമോ. ഇന്നും രാഷ്ട്രീയക്കാരന്റെ സ്ത്രീവിഷയം പറഞ്ഞാൽ അങ്ങേരുടെ ചരിത്രം പറയാതെ പത്രക്കാർക്ക് സമാധാനമില്ല. ഈയിടെ ഒരു നേതാവ് രണ്ടാം കല്യാണം കഴിച്ചെന്നു പറഞ്ഞ് എന്തായിരുന്നു പുകില്. വീട്ടിലോ, കാറിലോ, വഴിയിലോ രാഷ്ട്രീയക്കാരന്റെ കൂടെ പെണ്ണിനെ കണ്ടാൽ കഥ മാറി, ചാനലുകൾക്കും പത്രങ്ങൾക്കും മൂന്നാല് ദിവസത്തേയ്ക്ക് കൊയ്ത്തുതന്നെ. ഭരണഘടനയിലോ ക്രിമിനൽ ശിക്ഷാ നിയമത്തിലോ പ്രായപൂർത്തിയായ സ്ത്രീ പുരുഷന്മാർ ഒന്നിച്ച് സഞ്ചരിക്കുന്നതോ ഒന്നിച്ചിരിക്കുന്നതോ എന്തിന് രണ്ടു പേർക്കും ഇഷ്ടമാണെങ്കിൽ സെക്സ് നടത്തുന്നതോ കുറ്റകരമാണെന്ന് പറയുന്ന ഒരു വ്യവസ്ഥയുമില്ല. പറഞ്ഞിട്ടെന്ത്, ഇന്ന് വരെ ഇവന്മാർ ബഹളം ഉണ്ടാക്കി പിടിച്ച ഒരു കേസും ശിക്ഷിക്കപ്പെട്ടിട്ടുമില്ല. പക്ഷേ, അതിനെക്കാളൊക്കെ വലിയ ശിക്ഷ അനുഭവിപ്പിച്ച് വലയ്ക്കുമല്ലോ. മാനഹാനിയെപ്പേടിച്ച് മനസ്സിനെയും ശരീരത്തെയും അടക്കി നിർത്തിയാണ് കുര്യൻ ഫെർണാണ്ടസ് ജീവിക്കുന്നത്. പിന്നെ ഈ പെണ്ണുങ്ങളേം വിശ്വസിക്കാൻ പാട് തന്നെ. എല്ലാത്തിനും വേണ്ടത് പ്രേമം, സ്നേഹം– പൈസ കൂടെ പോരട്ടെ എന്നുള്ളവർ വേറെയും. പ്രേമിക്കാനും സ്നേഹിക്കാനുമൊക്കെ ആർക്കാണ് നേരം. നമുക്കാവശ്യമുള്ളത് അതൊന്നുമല്ലെന്നറിയുമ്പോൾ ബഹളമായി, നിലവിളി, ഭീഷണി. ഒടുക്കം വേണേൽ ചാനലിൽ പോയി പീഡനവും പറയും. കൂടെ കുറെ വനിതാ വിമോചനക്കാരും ഇറങ്ങും, ജീൻസും ജൂബയുമിട്ട്. കർത്താവേ, തീർന്നില്ലേ രാഷ്ട്രീയ ഭാവി.

തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത് മുതൽ സീറ്റ് കളികളാണ്. ആരെയും കുറ്റം പറയാനും പറ്റൂല്ല, ഈ സംസ്ഥാന നേതാവ് പദവി വരെ എത്താൻ കുര്യൻ ഫെർണാണ്ടസും ചില്ലറ കളി കളല്ലല്ലോ കളിച്ചത്. ഭക്ഷണം കഴിച്ചെഴുന്നേൽക്കുമ്പോൾ ഫോൺ ബെല്ലടിച്ചു. രാഖിമോളുടെ ഫോട്ടോ തെളിഞ്ഞു. നെഞ്ചിടിപ്പോടെ 'ഹലോ' പറഞ്ഞു.

"മക്കളേ, നീയെവിടാ, എത്ര നേരമായി അച്ഛൻ വിളിക്കുന്നു. എന്താ പറ്റിയത് നിനക്ക്."

"ഞാൻ എയർപോർട്ടിലേക്ക് പൊയ്ക്കൊണ്ടിരിക്കുവാ അച്ഛാ."

"എന്താ പ്രശ്നം? നിനക്ക് ക്ലാസ്സില്ലേ. പരീക്ഷയടുക്കാറായില്ലേ. നീയെന്തിനാ

ഇങ്ങോട്ട് ഇപ്പോൾ വരുന്നത്?''

''ഒക്കെ അങ്ങ് വന്നിട്ട് പറയാം. അച്ഛൻ പേടിക്കാതിരിക്ക്. രാവിലെ എയർപോർട്ടിൽ വണ്ടി വിടണേ.''

കൂടുതൽ കേൾക്കാൻ നിൽക്കാതെ അവൾ ഫോൺ കട്ട് ചെയ്തു. ഫോണിൽ മര്യാദ കാണിക്കുന്ന സ്വഭാവം കൂടി അവൾ മറന്നുപോയി. ഇപ്പോഴത്തെ പിള്ളേർക്ക് അവരുടെ അപ്പഴപ്പഴത്തെ സൗകര്യമാണ് മര്യാദ. അവർ തീരുമാനിക്കുന്നത് തന്നെ ജീവിതം. അച്ഛനും പ്രശ്നമല്ല, അമ്മയും പ്രശ്നമല്ല. ഒക്കെ ഓൾഡ് പീപ്പിൾ. മോള് കളക്ടറായി കാണണമെന്ന സ്വപ്നം പറഞ്ഞപ്പോൾ അവൾക്കാദ്യം അത്ര ബോധിച്ചില്ല. എഞ്ചിനീയറിങ് റാങ്ക് വാങ്ങിയ കുട്ടിക്ക് സിവിൽ സർവീസ് കിട്ടാൻ പ്രയാസമൊന്നുമുണ്ടാവില്ലെന്ന് റവന്യൂ സെക്രട്ടറി വി.കെ. സിങ് ഉറപ്പിച്ചാണ് പറഞ്ഞത്. ആ പഞ്ചാബിയാണ് ഡൽഹിയിലെ റാവൂസ് ഇൻസ്റ്റിറ്റ്യൂട്ടിൽ അഡ്മിഷൻ ശരിയാക്കിയതും. അയാൾ പറഞ്ഞതുപോലെ പ്രിലിമിനറി പരീക്ഷയും മെയിനുമൊക്കെ ആദ്യത്തെ ചാൻസിൽ തന്നെ അവൾ പാസായി. ഇന്റർവ്യൂ പരീക്ഷയ്ക്ക് കുറച്ച് ദിവസമേ ഉള്ളൂ. അതിനിടയിലാണ് പാഞ്ഞ് ഇങ്ങോട്ട് വരുന്നത്. എന്തുപറ്റിക്കാണുമോ കർത്താവേ? കൊച്ചിന് എന്തെങ്കിലും അബദ്ധം പറ്റിക്കാണുമോ? കൂടെ പഠിച്ച ഷിനോയെ ഇഷ്ടമാണെന്ന് പറഞ്ഞപ്പോൾ ഒരെതിർപ്പും കാണിക്കാതെ അവന്റെ വീട്ടുകാരോട് സംസാരിച്ച് കല്യാണനിശ്ചയം നടത്തിവച്ചിരിക്കുകയാണ്. അവൻ അമേരിക്കയിൽനിന്ന് പഠിത്തം കഴിഞ്ഞ് വന്നാലുടനെ കല്യാണവും നടത്തിക്കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അവർ തമ്മിൽ പിണക്കം വല്ലതുമായോ? ഇനി ഈ പെണ്ണ് വേറെ വല്ല പയ്യനോടും ഇഷ്ടത്തിലായിക്കാണുമോ?

തല പെരുക്കുന്നതുപോലെ തോന്നിയപ്പോൾ കുര്യൻ ഫെർണാണ്ടസ് എഴുന്നേറ്റ് ടി.വി. ഓൺ ചെയ്തു. അതിനു മുന്നിലിരുന്നും വിയർത്തുപോയി. നേരമൊന്ന് വെളുത്ത് കിട്ടിയിരുന്നെങ്കിൽ. തെരഞ്ഞെടുപ്പ്, സീറ്റ് വിഭജനം, സ്ഥാനാർത്ഥി ചർച്ചകൾ ഒക്കെ മറന്ന് പോയ കുര്യൻ ഫെർണാണ്ടസ് അടുക്കളയിൽ ചെന്ന് ഭാര്യയോട് ചോദിച്ചു.

''എടീ അവൾ ഒന്നും പറഞ്ഞില്ലേ? ഒരു സൂചനയും തന്നില്ലേ? നീ ഒന്നും ചോദിച്ചില്ലേ?''

പാത്രങ്ങൾ കഴുകി കമഴ്ത്തി വയ്ക്കുന്നതിനിടയിൽ ഭാര്യ മറുപടി പറഞ്ഞു.

''ഓ അവളെന്നോട് വല്ലതും പറയുമോ. എനിക്ക് ബുദ്ധിയില്ലല്ലോ. അവളുടെ ബുദ്ധിയനുസരിച്ച് മിണ്ടാനുള്ള യോഗ്യത എനിക്കുണ്ടോ? ഇനി തിരിച്ച് പോകുന്നില്ല എന്നു മാത്രം പറഞ്ഞു.''

''ങേ''

ഞെട്ടിത്തിരിച്ച് കുര്യൻ ഫെർണാണ്ടസ് അലറി.

''പോകുന്നില്ലെന്നോ, തിരിച്ച് പോകുന്നില്ലെന്നോ. അപ്പോൾ അവളുടെ ഇന്റർവ്യൂ, കളക്ടറുദ്യോഗം!''



ഭ്രാന്തെടുത്തതുപോലെ കുര്യൻ ഫെർണാണ്ടസ് മകളുടെ ഫോണിലേക്ക് വിളിച്ചു.

സ്വിച്ചോഫ്!

"അവൾ ഫ്ളെയിനിലായിരിക്കും."

ഭാര്യ അടുക്കള ലൈറ്റണച്ച് കിടപ്പുമുറിയിലേക്ക് നടന്നു.

കിടക്കയിൽ കിടന്നിട്ട് ഉറക്കം കിട്ടാതെ നേരം വെളുപ്പിച്ച് കുര്യൻ ഫെർണാണ്ടസ് എയർപോർട്ടിലേക്ക് പാഞ്ഞു. ഡ്രൈവറെ വിളിച്ചുണർത്താനൊന്നും തോന്നിയില്ല. എയർപോർട്ടിൽനിന്ന് പുറത്തിറങ്ങി വന്ന മകളെ കെട്ടിപ്പിടിച്ച് ചോദിച്ചു.

"എന്തുപറ്റി മക്കളേ, എന്തു പറ്റിയെന്ന് അച്ഛനോട് പറയ്."

ആകാംക്ഷകൊണ്ട് ശബ്ദവും ശരീരവും വിറയ്ക്കുന്നുണ്ടായിരുന്നു.

"ഒന്നുമില്ല അച്ഛാ, ടെൻഷനടിക്കാനുള്ള ഒരു കാര്യവും ഇല്ല."

"നിന്റെ ഇന്റർവ്യൂ എന്നാ മോളേ?"

"ഒക്കെ പറയാം, അച്ഛൻ കാറെടുക്ക്."

കാറിൽ കയറിയ ഉടനെ കണ്ണടച്ച് കിടന്നവൾ പറഞ്ഞു.

"ഈ രാത്രി ഫ്ളൈറ്റുകൾ സത്യത്തിൽ നല്ലതല്ല. ഉറക്കം മുഴുവൻ പോകും."

അവൾ കണ്ണടച്ച് സീറ്റിലേക്ക് ചാരി കിടന്നു.

വീട്ടിലെത്തിയപ്പോൾ അമ്മയോടും ഒന്നും പറയാൻ തയ്യാറാവാതെ അവൾ മുറിയിൽ കയറി കതകടച്ചു.

രാത്രി നഷ്ടമായ ഉറക്കം കുര്യൻ ഫെർണാണ്ടസിനെ ആക്രമിച്ചു. കടുത്ത സംഘർഷത്തിനിടയിലും ഉറങ്ങിപ്പോയി.

"ദേ ഒന്നെണീറ്റേ, എണീക്കാൻ. പത്രക്കാരും ടിവിക്കാരുമൊക്കെ വന്നിരിക്കുന്നു." ഭാര്യ കുലുക്കിയുണർത്തി.

"ദേണ്ടെ, പത്രക്കാരെല്ലാം കൂടി വന്ന് നിൽക്കുന്നെന്ന്."

"ങേ, പത്രക്കാരോ, എന്തുപറ്റി. എന്തിനാ അവരിപ്പോൾ ഇങ്ങോട്ട് വന്നത്?"

"ഇതൊക്കെ നിങ്ങളെന്നോട് ചോദിച്ചിട്ട് എന്തു കാര്യം. എണീറ്റ് വന്ന് അവരോട് തന്നെ ചോദിക്ക്." ഭാര്യ പതിവ് നിസ്സഹായവാസ്ഥയിൽ പറഞ്ഞു.

"നീയവരോട് കയറി ഇരിക്കാൻ പറയ്. ചായ ഉണ്ടാക്ക്. ഞാൻ ഇപ്പോൾ വരാം."

മുഖം കഴുകി ലിവിംഗ് റൂമിലെത്തുമ്പോൾ ചാനൽപ്പട, പത്രഫോട്ടോഗ്രാഫർമാർ, റിപ്പോർട്ടർമാർ.

"എന്തുപറ്റി കുര്യൻ ഫെർണാണ്ടസ്? ഇത്ര തിടുക്കത്തിൽ വാർത്താസമ്മേളനം വിളിക്കാൻ കാരണമെന്താണ്?" നൂലുപോലൊരു പെൺകുട്ടി കൈയിലെ നീണ്ട മൈക്ക് നീട്ടി ചോദിച്ചു.

അമ്പരപ്പോടെ മറുപടിക്ക് പരതുമ്പോൾ മകൾ കടന്നു വന്ന് പറഞ്ഞു:

"ഞാൻ പറയാം."

കുര്യൻ ഫെർണാണ്ടസ് മിഴിച്ചു നിന്നു. മകൾ കുളിച്ച് വേഷം മാറ്റിയിരിക്കുന്നു. ഫ്ളൈറ്റിൽ വന്നപ്പോൾ ഇട്ടിരുന്ന ജീൻസും ടീഷർട്ടും മാറ്റി, ചുരിദാറും ടോപ്പും ഷാളുമൊക്കെയിട്ട് ഒതുക്കത്തിലായിരിക്കുന്നു.

മകൾ കസേരയിലിരുന്ന് ചോദിച്ചു.

"എല്ലാവരും വന്നു കഴിഞ്ഞോ? എന്നാൽ നമുക്ക് തുടങ്ങാം അല്ലേ അച്ഛാ."

കുര്യൻ ഫെർണാണ്ടസ് ജീവിതത്തിലിതേവരെ നേരിട്ടിട്ടില്ലാത്ത ഒരാളലോടെ മകളുടെ തൊട്ടടുത്ത് കിടന്ന കസേരയിൽ ഇരുന്നു.

"വരുന്ന തെരഞ്ഞെടുപ്പിൽ ഞങ്ങളുടെ പാർട്ടി അഞ്ച് സീറ്റുകളിലാണ് മത്സരിക്കുന്നത് എന്ന് നിങ്ങൾക്കറിയാമല്ലോ."

കുര്യൻ ഫെർണാണ്ടസിന് ശ്വാസംമുട്ടി. "ഞങ്ങളുടെ പാർട്ടി"യെന്നൊക്കെ പറയാൻ ഇവളാരാണ്? ഇവൾക്കെന്താണ് പാർട്ടിയുമായി ബന്ധം?

"ഞങ്ങളുടെ അഞ്ച് സീറ്റുകൾ ഭരണത്തിൽ എത്ര നിർണ്ണായകമാണെന്ന് ഞാൻ പറയാതെ തന്നെ അറിയാവുന്ന കാര്യമാണല്ലോ. ദേശീയതലത്തിലും ഞങ്ങൾക്ക് പ്രാതിനിധ്യം നൽകിയേ തീരൂവെന്ന അവസ്ഥയാണിന്ന്. ഒരു കേന്ദ്രമന്ത്രിസ്ഥാനം എങ്കിലും കിട്ടാതെ പറ്റില്ല. മത്സരിക്കുന്ന അഞ്ച് സീറ്റുകളിലും വിജയിക്കണമെന്നത് ഞങ്ങളുടെ മിനിമം ആവശ്യമാണ്. അതുകൊണ്ട് ഇത്തവണ സ്ഥാനാർത്ഥി നിർണ്ണയത്തിൽ ശ്രദ്ധാപൂർവം ചില തീരുമാനങ്ങൾ എടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. യുവാക്കൾക്കും, സ്ത്രീകൾക്കും കൂടുതൽ പ്രാതിനിധ്യം കൊടുക്കുവാനാണ് ഞങ്ങളുടെ പാർട്ടി ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി എടുത്ത ഒരു സുപ്രധാന തീരുമാനം നിങ്ങളിലൂടെ ജനങ്ങളെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്."

മകൾ കുര്യൻ ഫെർണാണ്ടസിനെ നോക്കി ചിരിച്ചു. രക്തം വാർന്നു പോയൊരു ചിരി അച്ഛൻ മകൾക്ക് സമ്മാനിച്ചു.

"ഞങ്ങളുടെ അഞ്ച് സീറ്റുകളിൽ ഒരു സീറ്റിൽ മത്സരിക്കുന്നത് ഞാനാണ് എന്ന വിവരം അറിയിക്കാനാണ് ഈ വാർത്താസമ്മേളനം വിളിച്ചത്. വനിതാ-യുവ പ്രാതിനിധ്യം വഴി പൊളിച്ചെഴുത്ത് നടത്താനുള്ള പാതയിലാണ് ഞങ്ങൾ. മറ്റ് സ്ഥാനാർത്ഥികളുടെ പേരു വിവരം ഉടനെ പ്രഖ്യാപിക്കും. എന്റെ സ്ഥാനാർത്ഥിത്വത്തിന്റെ വാർത്ത വേണ്ട പ്രാധാന്യത്തോടെ കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു."

മകൾ എഴുന്നേറ്റു.

"ചായ കുടിച്ചിട്ടേ പോകാവൂ. ചായ തയ്യാറായോ എന്നു ഞാൻ പോയി നോക്കീട്ട് വരാം."

അടുക്കളയിലേക്ക് മകൾ നടക്കുമ്പോൾ ചാനൽ ക്യാമറകൾ കുര്യൻ ഫെർണാണ്ടസിനെ വളഞ്ഞു.

"സാർ ഒരു ബൈറ്റ്, രാഖി മാഡം പറഞ്ഞതിനെക്കുറിച്ച്."

ചാനൽ മൈക്കുകൾ കുര്യൻ ഫെർണാണ്ടസിന് മുന്നിലേക്ക് നീണ്ട് നീണ്ട് വന്നു.

"മോള് എല്ലാം പറഞ്ഞല്ലോ. തൽക്കാലം അതിലേറെ ഒന്നുമില്ല. പിന്നെ കാണാം."

ചായയും ബിസ്ക്കറ്റുകളും പത്രക്കാർക്ക് നൽകുന്നതിനിടയിൽ കുര്യൻ ഫെർണാണ്ടസിന്റെ കണ്ണുകളിൽ നിഴലിച്ച ദയനീയ ഭാവം കണ്ട് ഭാര്യയ്ക്ക് പാവം തോന്നി. മുന്നണിയിലെ ഘടകകക്ഷികളുമായുള്ള ചർച്ച, പാർട്ടിക്കമ്മിറ്റിയിലെ തീരുമാനങ്ങൾ, മക്കൾ രാഷ്ട്രീയത്തിന്റെ വിവാദചരിത്രം തുടങ്ങി കുര്യൻ ഫെർണാണ്ടസിന്റെ തലയിൽ കൂടി കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന വിഷയങ്ങളെക്കുറിച്ചൊന്നും പിടിപാടില്ലെങ്കിലും ഭാര്യയ്ക്ക് അയാളോട് വല്ലാത്ത സഹതാപം തോന്നി. ■